# KOLLAM CITY POLICE

https://www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated : 16 /01/2020

## വ്യാജ കരാറുണ്ടാക്കി ലക്ഷങ്ങൾ തട്ടിയ ദമ്പതികൾ അറസ്റ്റിൽ

കൊല്ലം : ജാമ്യത്തിൽ വെച്ചിരിക്കുന്ന വസ്തു വിൽപ്പനയ്ക്കായി കരാർ ഉണ്ടാക്കി ലക്ഷങ്ങൾ തട്ടിയ കേസിൽ ദമ്പതിമാരെ കണ്ണനല്ലൂർ പോലീസ് അറസ്റ്റ്ചെയ്തു.നെടുമ്പന വെളിച്ചിക്കാല റോഡുവിള പുത്തൻവീട്ടിൽ ജോസ് മോൻ (45) ഭാര്യ സജിനി (44) എന്നിവരാണ്



അറസ്റ്റിലായത്. മയ്യനാട് ധന്യ നഗർ വാർപുരയിടം ബത്‌ലഹേമിൽ വാടകയ്ക്ക് താമസിക്കുന്ന അടൂർ പയ്യന്നൂർ ഇളമ്പള്ളി ലിബ ഭവനിൽ ബാബുവിനെ കബളിപ്പിച്ച് പണം തട്ടിയെടുത്ത കേസിലാണ് അറസ്റ്റ്. കോടതിയിൽ ഹാജരാക്കിയ ഇരുവരെയും റിമാൻഡ് ചെയ്തു. കേസിൽ മറ്റ് രണ്ട് പ്രതികൾ കൂടിയുണ്ട്. കൊല്ലം അയത്തിൽ ശാന്തി നഗർ



പയറ്റുവിള വീട്ടിൽ സുമീറിനെ കബിളിപ്പിച്ച് ലക്ഷങ്ങൾ തട്ടിയെടുത്ത കേസിൽ മാസങ്ങൾക്കുമുൻപ് ഇയാളെ ചാത്തന്നൂർ പോലീസ് അറസ്റ്റ് ചെയ്തിരുന്നു. വെളിച്ചിക്കാല വൈ.എം. ലാൻഡിൽ യോഹന്നാൻ എന്നയാളിൽനിന്ന് വിൽപ്പനക്കരാറെഴുതി മൂന്നുലക്ഷംരൂപ തട്ടിയെടുത്ത മറ്റൊരു കേസും ഇവരുടെ പേരിലുണ്ട്. കബളിപ്പിക്കപ്പെട്ട യോഹന്നാൻ കൊല്ലം കോടതിയിൽ കേസ് ഫയൽ ചെയ്തിരിക്കെയാണ് മറ്റുള്ളവർക്ക് വസ്തു വിൽപ്പനയ്ക്കായി ഇയാൾ കരാറെഴുതി വീണ്ടും ലക്ഷങ്ങൾ തട്ടിയത്. നെടുമ്പന സർവീസ് സഹകരണ ബാങ്കിലും കൊല്ലം കടപ്പാക്കടയിലെ എസ്.ബി.ഐ. ബ്രാഞ്ചിലും ജാമ്യത്തിലിരിക്കുന്ന വീടും വസ്തുവും ബാബുവിന് വിലയ്ക്ക് നൽകാമെന്ന് സമ്മതിച്ച് കരാർ എഴുതിയാണ് അഞ്ചുലക്ഷം രൂപയുടെ തട്ടിപ്പ് നടത്തിയത്. കഴിഞ്ഞ മാർച്ച് ഏഴിന് ഒൻപതര ലക്ഷംരൂപ വില സമ്മതിച്ച് അഞ്ചുലക്ഷം രൂപ അഡ്വാൻസ് ആയി ബാബുവിൽനിന്ന് കൈപ്പറ്റിയാണ് ഇയാൾ കരാർ ഉണ്ടാക്കിയത്.

കാലാവധി കഴിഞ്ഞിട്ടും ആധാരം രജിസ്റ്റർ ചെയ്യാൻ തയ്യാറാകാതെ വന്നപ്പോൾ ബാബു ഇയാളെ ബന്ധപ്പെട്ടങ്കിലും ഭീഷണിപ്പെടുത്തുകയായിരുന്നു. ഇതിനെ തുടർന്നാണ് ബാബു കണ്ണനല്ലൂർ പോലീസിന് പരാതി നൽകിയത്. കണ്ണനല്ലൂർ പോലീസ് കേസെടുത്ത് അന്വേഷണം നടത്തിയെങ്കിലും ഇയാൾ ഒളിവിലായിരുന്നതായാണ് പോലീസ് പറയുന്നത്. ഇയാൾ വെളിച്ചിക്കാലയിലെത്തിയതായി വിവരം ലഭിച്ചതോടെ കണ്ണനല്ലൂർ സി.ഐ. വിപിൻകുമാർ, എസ്.ഐ. ജയശങ്കർ ജെ.കെ., എ.എസ്.ഐ. സതീഷ് കുമാർ, ബിന്ദു എന്നിവരടങ്ങിയ പോലീസ് സംഘം അറസ്റ്റ് ചെയ്യുകയായിരുന്നു